# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 26




നെരുവമ്പ്രം യു പി സ്കൂൾ

നെരുവമ്പ്രം,പഴയങ്ങാടി(പി.ഒ)

neruvampramupschool@gmail.com

# PROFILE

| | |
|---|---|
| Name of School | : NERUVAMBRAM.U.P.SCHOOL |
| Date of establishment | : 1952 |
| Name of village | : EZHOME |
| Name of Panchayat | : EZHOME |
| Name of Block | : KALLIASSERI |
| Name of Edu District | : THALIPARAMBA |
| Name of BRC | : MADAYI |
| Name of District | : KANNUR |
| Name of Sub District | : MADAYI |
| Name of H M | : A.P.VALSALA |
| Mob:Number | : 9497601182 |
| Senior Assistant | : Asha.A |
| Email ID | : neruvampramup@gmail.com |
| School Code No | : 13571 |
| Name of Taluk | : KANNUR |
| School Manager | : P.K Santhi |
| Mob:Number | : 7994561345 |

## ആമുഖം

ഏഴോം ചെറുതാഴം ഗ്രാമപ്രദേശങ്ങളുടെ അതിർത്തി പങ്കിട്ടുകൊണ്ട് നെരുവമ്പ്രം പ്രദേശം സ്ഥിതി ചെയ്യുന്നു. 1950 കളിൽ സാംസ്കാരിക രാഷ്ട്രീയ രംഗത്ത് ഈ ദേശം മുന്നേറിയെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്നിലായിരുന്നു.കേവലം പ്രാഥമിക വിദ്യാഭ്യാസംലഭിക്കുവാനുള്ള സൗകര്യം മാത്രമേ അന്നുണ്ടായിരുന്നുള്ളൂ . ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കഴിഞ്ഞിരുന്ന ഗ്രാമീണ ജനതയ്ക്ക് എലിമെന്ററി വിദ്യാഭ്യാസം കൂടി നേടുവാനുള്ള കഴിവുണ്ടായിരുന്നില്ല. ഇടത്തരം കുടുംബത്തിൽപ്പെട്ടവർ ഹയർ എലിമെന്ററി വിദ്യാഭ്യാസത്തിനായി നാലു കിലോമീറ്റർ അകലെയുള്ള മാടായി ഹയർ എലിമെന്ററി സ്കൂളിനെയാണ് ആശ്രയിച്ചിരുന്നത്.മാടായി.ചെറുതാഴം. ഏഴോം.കടന്നപ്പള്ളി വില്ലേജുകളിലെ വിദ്യാർത്ഥികൾ പൂർണമായും ചെറുകുന്ന്.കണ്ണിമംഗലം പരിയാരം വില്ലേജുകളിലെ വിദ്യാർത്ഥികൾ ഭാഗികമായും എട്ടാം തരം വരെ വിദ്യാഭ്യാസം നേടുന്നത് ഈ വിദ്യാലയത്തിലാണ്. ഇത് ഒരു സ്വകാര്യ എയിഡഡ് സ്കൂൾ ആയിരുന്നു . സാമൂഹിക സംസ്കാരിക വിദ്യാഭ്യാസ രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച അതിയടക്കാരനായ ശ്രീ.എം.കെ.ഗോവിന്ദൻ നമ്പ്യാരായിരുന്നു.

സ്കൂളിന്റെ സ്ഥാപകമാനേജരും ഹെഡ്മാസ്റ്ററും.സമീപ പ്രദേശങ്ങളിലൊന്നും ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. തളിപ്പറമ്പ്.ചെറുകുന്ന്. പയ്യന്നൂർ എന്നിവിടങ്ങളിലെ സൗകര്യങ്ങളോ അന്നുണ്ടായിരുന്നില്ല. നടന്നു പോയും മറ്റുവീടുകളിൽ താമസിച്ചുമാണ് വിദ്യാഭ്യാസം ചെയ്യുന്നത്. പെരുമ്പ.കുപ്പം. പഴയങ്ങാടി എന്നീ റോഡുപാലങ്ങളുടെ നിർമ്മാണം പൂർത്തിയായത് 1956 ഓടുകൂടിയാണ്.എരിപുരം.കുപ്പം റോഡുനിർമ്മിച്ചതും അതിനുശേഷമാണ്.

ഈ സാഹചര്യത്തിൽ മാടായിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കേണ്ട ആവശ്യകത ഉയർന്നുവന്നു . രാഷ്ട്രീയ സാമൂഹിക രംഗത്ത് പ്രവർത്തിച്ചിരുന്നവരുടെ കമ്മറ്റി രൂപീകരിക്കുകയും ഹൈസ്കൂളിനുവേണ്ടി പ്രവർത്തനം ആരം ഭിക്കുകയും ചെയ്തു . നിലവിലുള്ള മാടായി ഹയർ എലിമെന്ററി സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തുക എന്നതായിരുന്നു കമ്മറ്റിയുടെ ഉദ്ദേശം. അന്ന പൊതുവിദ്യാഭ്യാസം കൈകാര്യം ചെയ്തിരുന്നത് ഡിസ്ട്രിക്ട്ബോർഡുകളായിരുന്നു.മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ ജില്ലയിലായിരുന്നു നമ്മുടെ ഈ പ്രദേശം . അന്നത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട് ശ്രീ.പി.ടി.ഭാസ്കരപണിക്കരുമായി കമ്മറ്റി ബന്ധപ്പെടുകയും സ്കൂൾ ഏറ്റെടുക്കാൻ അഭ്യർത്ഥിക്കു കയും ചെയ്തു.മാനേജരായ ശ്രീ . എം .കെ.ഗോവിന്ദൻ നമ്പ്യാർ കമ്മറ്റിയിൽ നിന്ന് തുച്ഛമായ പ്രതിഫലം വാങ്ങി സ്കൂൾ കൈമാറുവാൻ തീരുമാനിച്ചു.അങ്ങനെ 1951 ൽ മാടായിബോർഡ് ഹൈസ്കൂൾ നിലവിൽ വന്നു. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസപരമായി പിറകിൽ നിന്നിരുന്ന നെരുവമ്പ്രം പ്രദേശത്ത് ഒരു അപ്പർ പ്രൈമറി സ്കൂൾ വേണമെന്ന ആശയം ഇവിടുത്തെ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രവ ർത്തകന്മാർക്കുണ്ടായി. ശ്രീ. എം.കെ.ഗോവിന്ദൻ നമ്പ്യാരുടെ നേതൃത്വത്തിൽ തന്നെ ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു .ശ്രീ.കെ.കെ.ഗോപാലൻ നായർ.ശ്രീ.മുണ്ടയാടൻ ഗോവിന്ദൻ നമ്പ്യാർ മുതലായവർ ഈസംരംഭത്തിൽ സജീവമായി പങ്കെടുത്തു. 1952 ൽ നെരുവമ്പ്രത്ത് അപ്പർ പ്രൈമറി സ്കൂളിന് (ആറ് .ഏഴ് .എട്ട് ക്ലാസ്സുകൾ )ഗവർമെന്റിൽ നിന്ന് അംഗീകാരം ലഭിച്ചു.സമീപ പ്രദേശത്ത് പ്രൈമറി സ്കൂളുകൾ ഉള്ളതുകൊണ്ടാണ് അപ്പർ പ്രൈമറിക്ലാസ്സുകൾക്ക് മാത്രം അംഗീകാരം ലഭിച്ചത്.ശ്രീ. എം.കെ.ഗോവിന്ദൻ നമ്പ്യാരുടെ മാനേജ്മെന്റിൽ തന്നെയാണ് അഗീകാരംകിട്ടിയത്.ആ അവസരത്തിൽ ശ്രീ.എം.കെ.ഗോവിന്ദൻ നമ്പ്യാർ മാടായി ഹൈസ്കൂളിലെ അദ്ധ്യാപകനായിരുന്നു . പ്രസ്തുത ജോലി രാജിവെച്ച് നെരുവമ്പ്രം അപ്പർ പ്രൈമറി സ്കൂളിന്റെ ഹെഡ്മാസ്റ്റർ സ്ഥാനം ഏറ്റെടുത്തു.

ശ്രീ.പി.വി.കേളപ്പൻനമ്പ്യാർ,പരിയാരം കിട്ടേട്ടൻ എന്നീ പ്രമുഖർ കൂ ടി അദ്ധ്യാപകരായി ജോലി യിൽ പ്രവേശിച്ചു.

തുടക്കത്തിൽ പീടിക മുറികളിലും താല്കാലിക ഷെഡുകളിലുമായിരുന്നു ക്ലാസ്സുകൾ നടത്തി വന്നത്.ആദ്യത്തെ വർഷം തന്നെ ആറ്,ഏഴ്,എട്ട് ക്ലാസ്സുകളിലേക്ക് ആവശ്യമായ കുട്ടികൾ ചേർന്ന് പഠിച്ചു.ഉടൻ തന്നെ ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്തു.അന്ന് എട്ടാം തരത്തിൽ പൊതുപരീക്ഷ ഉണ്ടായിരുന്നു.എലിമെന്ററി ലിവിങ്ങ് സർട്ടിഫിക്കറ്റ് (ഇ എസ്.എൽ.സി)സ്കൂൾ പഠനം നല്ല നിലവാരം പുലർത്തി 100% മുതൽ 90% വരെ റിസൽട്ട് ലഭിച്ചിരുന്നു.

1956 ൽ ഇന്ത്യയിൽ ഭാഷാ സംസ്ഥാനം നിലവിൽ രൂപീകൃത മായതോടെ മലയാള ഭാഷ സംസാരിച്ചിരുന്ന തിരുവിതാംകൂർ,കൊച്ചി,മലബാർ എന്നീ പ്രദേശങ്ങൾ സംയോജിപ്പിച്ച് കേരള സംസ്ഥാനം രൂപീകൃതമായി. 1957 ൽ ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നു.ആ മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായ ശ്രീ. ജോസഫ് മുണ്ടശ്ശേരി കേരളത്തിൽസമൂലമായി വിദ്യാഭ്യാസ പരിഷ്കരണം നടത്തുകയുണ്ടായി.അതിന്റെ ഭാഗമായി ഇ.എസ്.എൽ.സി പരീക്ഷ എടുത്തുകളഞ്ഞു.സൗജന്യവും സാർവ്വത്രികവുമായ സ്കൂൾ വിദ്യാഭ്യാസം 1 മുതൽ 10 വരെയായി.പ്രൈമറി 1 മുതൽ 4 വരെയും അപ്പർ പ്രൈമറി 5 മുതൽ 7 വരെയും ഹൈസ്കൂൾ 8 മുതൽ 10 വരെയും ആക്കിമാറ്റി.നെരുവമ്പ്രം യു.പി യിൽ അഞ്ച്,ആറ്, ഏഴ് ക്ലാസ്സുകളായി നിലനിന്നു

സ്കൂൾ പഠനത്തിൽ മാത്രമല്ല , പാഠ്യേതരപ്രവർത്തനത്തിലും നല്ലനിലവാരം പുലർത്തിയിരുന്നു. ഒരു ഘട്ടത്തിൽ സ്കൂളിൽ 15 ഡിവിഷനുകൾ വരെ ഉണ്ടായിരുന്നു.ക്ലാസ്സ് അദ്ധ്യാപകർക്ക് പുറമെ വീവിങ്ങ് , കായികം ,ഡ്രോയിംങ്ങ്,തുന്നൽ, സംഗീതം,ഭാഷാദ്ധ്യാപനം എന്നീ തസ്തികകളിൽ അദ്ധ്യാപകരുണ്ടായിരുന്നു മൊത്തത്തിൽ ഒരു ഹൈസ്കൂളിന്റെ പ്രതീതി തന്നെയായിരുന്നു . മാടായി സബ് ജില്ലയിൽ  എല്ലാ വിധത്തിലും ഉയർന്നു നിന്ന സ്കൂൾ . അദ്ധ്യാപനം സാധനയാക്കിയ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.എം.കെ.ഗോവിന്ദൻ മാസ്റ്റർക്ക് അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡും നാഷണൽ അവാർഡും ഈ സ്കൂളിൽ ജോലി ചെയ്യുമ്പിരിക്കെയാണ് ലഭിച്ചത്.  ഉത്സവ പ്രതീതിയോടെയാണ്  രണ്ടു പ്രാവശ്യവും അദ്ധ്യാപകരക്ഷാകർതൃസമിതിയും നാട്ടുകാരും ചേർന്ന് വമ്പിച്ച സ്വീകരണം നൽകിയത്. സമീപ  പ്രദേശങ്ങളിലൊന്നും യു പി സ്കൂൾ ഇല്ലാത്തതിനാൽ പരിയാരം , നരിക്കോട് ഭാഗങ്ങളിൽ നിന്നുകൂടി കാൽനടയായി വന്ന് സ്കൂളി ൽ പഠനം നടത്തിയിരുന്നു. പിന്നീട് ഏഴോം,ചെറുതാഴം,പരിയാരം എന്നിവിടങ്ങളിൽ യു പി സ്കൂൾ വന്നതോടുകൂടി ഈ സ്കൂളിൽ കുട്ടികളുടെ എണ്ണം  ക്രമാതീതമായി  കുറയുകയും ഡിവിഷനുകളുടെ എണ്ണം  12  ആയി കുറയുകയും ചെയ്തു. വിദ്യാഭ്യാസരംഗത്ത് ഉന്നത നിലവാരം പുലർത്തിവന്നിരുന്ന ഈ സ്കൂളിന്റെ പൈതൃകം തലമുറയായി വന്ന് കൊണ്ടിരിക്കുന്ന അദ്ധ്യാപകരും,വിദ്യാർത്ഥികളും നലനിർത്തി കൊണ്ടുവരുന്നത് ഏറെ സന്തോഷമുള്ളതും അഭിമാനാർഹവുമായ കാര്യമാണ്.

**2025 – 26 ൽ 5,6,7 ക്ലാസ്സുകളിൽ 4 ഡിവിഷനുകളിലായി 324 കുട്ടികൾ ഈ വിദ്യാലത്തിൽ പഠിക്കുന്നു.പാഠ്യപാഠ്യേതര രംഗങ്ങളിൽ നിരവധിയായ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്തിവരുന്നു.ലൈബ്രറി വികസനം,ശില്പശാലകൾ,കൃഷിപരിപാലനം,പഠന പിന്നോക്ക ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം,വായനാപരിപോഷണ പരിപാടിക**

ൾ വിദഗ്ദരായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രത്യേക ക്ലാസ്സുകൾ,ഇംഗ്ലീഷ് അസംബ്ലി, ഹിന്ദി ഭാഷാപരിപോഷണ പരിപാടികൾ,ദിനാചരണങ്ങൾ,ക്ലാസ് തലനേതൃത്വ അസംബ്ലി ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ , കലാകായിക പ്രവൃത്തിപരിചയത്തിൽ അഭിരുചിയുള്ള കുട്ടികൾക്കായി പരിശീലന കളരികൾ തുടങ്ങി വിവിധ പരിപാടികളാണ് ഈ വിദ്യാലയം ഏറ്റെടുത്ത് നടപ്പിലാക്കുന്നത്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. കൈറ്റ് നടപ്പിലാക്കിയ ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ മൊത്തത്തിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും, അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ടതുണ്ട്.കഴിഞ്ഞ കാലങ്ങളിൽ നാം നടത്തിയ ക്രിയാത്മകമായ ഇടപെടലുകളുടെ ഫലമാണ് പൊതുയിടങ്ങളിലെ അക്കാദമിക മികവിന്റെ അവതരണത്തിലും വാർഷിക പരിപാടിയുടെ ഭാഗമായി അവതരിപ്പിച്ച കലാപരിപാടയിലും നാട്ടുകാരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും സ്കൂളിനു ലഭിച്ച പ്രോത്സാഹനവും സഹകരണവും.പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുക എന്ന അതിപ്രധാനപ്പെട്ട സാമൂഹ്യ ഉത്തരവാദിത്വം ഏറ്റെടുത്തതിന്റെ പ്രതിഫലനമാണ് ഇത്.കൂടുതൽ മെച്ചപ്പെട്ട രീതിയിൽ രക്ഷിതാക്കളിലേക്കും പൊതുജനങ്ങളിലേക്കും വിദ്യാലയ മികവും ഗുണാത്മക പ്രവർത്തനങ്ങളും എത്തിക്കാൻ പരസ്യപ്രചരണം കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്.

## പൊതുവിശകലനം

ഏഴോം തളിപ്പറമ്പ് റോഡിൽ നെരുവമ്പ്രം ബസ്റ്റോപ്പിൽ നിന്നും നടന്നെത്താവുന്ന ദൂരത്തിൽ നെരുവമ്പ്രം.യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നു.അഞ്ചു മുതൽ ഏഴുവരെ ക്ലാസുകളിലായി324പഠിക്കുന്നു. പതിനെട്ടോളം ക്ലാസ്മുറികൾ സ്മാർട്ട്ക്ലാസ്റ്റും ശാസ്ത്രസാമൂഹ്യശാസ്ത്രഗണിത ലാബുകൾ കംപ്യൂട്ടർ ലാബ്,ആൺകുട്ടികൾക്കുംപെൺകുട്ടികൾക്കുംപ്രത്യേകമായൊരുക്കിയആധുനികസംവിധാനത്തോടുകൂടിയശുചിമുറികൾ,കളിസ്ഥലം, ചുറ്റുമതിൽ, ഉദ്യാനം , പച്ചക്കറിത്തോട്ടം ഭക്ഷണശാല, 600 പേർക്ക് ഇരിക്കാവുന്നവിശാലമായഓഡിറ്റോറിയം,സൗണ്ട്സിസ്റ്റം,'മാഞ്ചോട്ടി'ലെഐ.എൻ.വി.സ്മൃതിമണ്ഡപം

## ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികച്ച പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക
- ഐ.സി.ടി പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും
- മുഴുവൻ ക്ലാസുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക
- പഠനപിന്നാക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക

- നാലുചുവരുകൾക്കുള്ളിലൊതുങ്ങാതെ വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക
- പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുകയും വലിച്ചെറിയൽ സംസ്കാരം ഒഴിവാക്കുകയും ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്,കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക
- കുട്ടികളുടെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്താൻ
- മൂല്യനിർണ്ണയ രീതിശാസ്ത്രം പരിഷ്കരിക്കുകയും സമഗ്രമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ
- സാങ്കേതികവിദ്യ സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ.
- ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ
- അധ്യാപക പരിശീലന ഉറപ്പുവരുത്താനും, നവികരിക്കുവാനും. പ്രവർത്തനങ്ങളുടെ ഫല പ്രാപ്തി
- വിദ്യാഭ്യാസ രംഗത്തെ ഗവേഷണപ്രവർത്തനങ്ങൾ നവികരിക്കുവാനും, നൂതനമാക്കുന്നതിനും
- ഗുണമേന്മാ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ എന്നിവയുടെ സഹകരണം ഉറപ്പാക്കുന്നതിന്

## പ്രശ്നങ്ങൾ ,വെല്ലുവിളികൾ

### അക്കാദമികം

1.എസ് .ആർ.ജി ,സബ്ജക്ട് കൗൺസിലുകൾ എന്നിവ കൃത്യമായി നടന്നു വരുന്നു.എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ പ്രയാസം നാരിടുന്നു.
2.പ്രീ-ടെസ്റ്റ് നടത്തി പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യക പരിശീലനം നടത്താറുണ്ടെങ്കിലും ആവശ്യമായ മുഴുവൻ കുട്ടികളും അത് വേണ്ടപോലെ പ്രയോജനപ്പെടുത്താൻ പറ്റുന്നില്ല.
3.മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല
4.ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
5.പത്ത് ശതമാനത്തോളം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
6.പ്രാദേശിക വിഭവങ്ങളെ ഉചിതമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
7.പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
8.കുട്ടികൾക്കാവശ്യമായ ഗൈഡ്‌ലൈൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.
9.ഐ.ടി സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്താൻ ഐ.ടി ഉപകരണങ്ങളുടെ പരിമിതി വെല്ലുവിളിയാകുന്നു.

### ഭൗതികം

1.റിസോഴ്സ് റൂമുകളുടെ അഭാവം
2.ഭൂമിശാസ്ത്രപരമായ ഘടന.
3.കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ദ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
4.ഐ.ടി ഉപകരണങ്ങളുടെ അഭാവം
5.വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം പൂർണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല.

## സാമൂഹികം

1.വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ശരിയായി നടപ്പിൽ വരുത്തമൻ പറ്റുന്നില്ല.
2.പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന,എസ്.എം.സി,പി.ടി.എ, വായനശാലകൾ,പ്രാദേശിക ക്ലബ്ബുകൾ എന്നിവയുടെ സാധ്യതകൾ കണ്ടെത്തി വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.
3.പ്രാദേശിക വിഭവഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ വിഭവ സാധ്യത(പഠന സാധ്യത,കൃഷിയറിവുകൾ,പുരാവസ്തുശേഖരങ്ങൾ,മീനറിവുകൾ,കണ്ടൽ,കൈപ്പാട്, തണ്ണീർ തടങ്ങൾ,പ്രാദേശിക പ്രതിഭകൾ....)വേണ്ടവിധം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
4.കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
5.കലാകായികപ്രവൃത്തിപരിചയ പരിപാടികൾ സാംസ്കാരിക പരിപാടികൾ എന്നിവ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും പ്രാദേശിക പ്രതിഭകളെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
6.ഭിന്നശേഷി കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ,സാമൂഹിക പ്രവർത്തകർ മുതലായവർ കൃത്യമായ അവബോധം നേടുകയോ ആവശ്യമായ ഇടപെടൽ നടത്തുകയോ ചെയ്യുന്നില്ല.
7.ഭിന്നശേഷി കുട്ടികളുടെ മികച്ച പഠനത്തിനും ഉന്നമനത്തിനും നിലവിലുള്ള സാഹചര്യം പരിമിതമാണ്.

### നെരുവമ്പ്രം.യു.പി.സ്കൂൾ 2025-26

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ.ബി.സി | | | മറ്റുള്ളവ | | | എ.പി.എൽ | | | ബി.പി.എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| 5 | 4 | 59 | 47 | 106 | 5 | 4 | 9 | 1 | 0 | 1 | 12 | 20 | 32 | 3 | 5 | 8 | 33 | 15 | 48 | 5 | 3 | 8 | 29 | 24 | 53 | 30 | 23 | 53 |
| 6 | 4 | 64 | 45 | 109 | 6 | 6 | 12 | 0 | 0 | 0 | 21 | 11 | 32 | 4 | 1 | 5 | 28 | 18 | 46 | 5 | 9 | 14 | 40 | 25 | 65 | 24 | 20 | 44 |
| 7 | 4 | 57 | 52 | 109 | 9 | 6 | 15 | 0 | 0 | 0 | 21 | 18 | 39 | 0 | 2 | 2 | 24 | 21 | 45 | 3 | 5 | 8 | 41 | 32 | 73 | 16 | 20 | 36 |
| ആകെ | | 180 | 144 | 324 | 20 | 16 | 36 | 1 | 0 | 1 | 54 | 49 | 103 | 7 | 8 | 15 | 85 | 54 | 139 | 13 | 17 | 30 | 110 | 81 | 191 | 70 | 63 | 133 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
| സ്റ്റാൻഡേർഡ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 29 | 13 | 42 | 30 | 34 | 64 | 0 | 0 | 0 | 0 | 0 | 0 | 59 | 47 | 106 |
| **6** | 34 | 30 | 64 | 30 | 15 | 45 | 0 | 0 | 0 | 0 | 0 | 0 | 64 | 45 | 109 |
| **7** | 32 | 19 | 51 | 25 | 33 | 58 | 0 | 0 | 0 | 0 | 0 | 0 | 57 | 52 | 109 |
| ആകെ | 95 | 62 | 157 | 85 | 82 | 167 | 0 | 0 | 0 | 0 | 0 | 0 | 180 | 144 | **324** |

| ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി.ഹിന്ദി | | |
| സ്റ്റാൻഡേർഡ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 41 | 20 | 61 | 7 | 12 | 19 | 2 | 10 | 12 | 9 | 5 | 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാനശേഷി വികസനം . ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരത്തിലൂടെ (കഥ,കവിത,യാത്രാനുഭവം,അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ |
| 2.പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക്<br>പത്രം,ആഴ്ച്ചപ്പതിപ്പ്,മാസികകൾ എന്നിവ | | |

## അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ |
| 3.സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/മുഖാമുഖം<br>സാഹിത്യകാരന്മാർ,എഴുത്തുകാർ,കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | HM,<br>മലയാളം അധ്യാപകർ |
| | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ചകൾ,ലഘുനാടകങ്ങൾ,തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | മാസത്തിൽ ഒരുതവണ | ക്ലാസ് ലീഡർ മലയാളം അധ്യാപകർ |
| 4.പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരേയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | എല്ലാ മാസവും | മലയാളം അധ്യാപകർ |

## അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.എല്ലാകുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ഭാഷാജ്ഞാനം,അക്ഷരം എഴുത്ത്,ചിഹ്നം ഉറപ്പിക്കൽ,അക്ഷര കാർഡ്,അക്ഷര മാല കളികൾ,കാർട്ടൂൺ പ്രദർശനം | ജൂൺ – ഒക്ടോബർ | സംസ്കൃതം അധ്യാപകൻ പി.ടി.എ |
| 2.വീട് ഒരു പരീക്ഷണ ശാല- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന മലയാള പദങ്ങൾ സംസ്കൃത പദമാണെന്ന തിരിച്ചറിയൽ. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും സംസ്കൃതത്തിൽ പഠിക്കാനുള്ള അവസരം സംസ്കൃത മാസികകൾ വായിപ്പിക്കുക. സംസ്കൃത പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി നിഘണ്ടുനിർമ്മിക്കുക. സ്കൂൾ അസംബ്ലിയിൽ അവതരണം,പ്രദർശനം,മികച്ച അവതരണത്തിന് സമ്മാനം, | നവംബർ – മാർച്ച് | സംസ്കൃതം അധ്യാപകൻ |

## അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 ഉറുദ്ദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.ഉറുദ്ദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും വായിക്കാനും അത്യാവശ്യം കേട്ടെഴുതുവാനും ഉള്ള ശേഷി ഉറപ്പാക്കുക.<br>എല്ലാ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉറുദ്ദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക | ഉറുദ്ദു വായന<br>വായനാ മത്സരങ്ങൾ നടത്തുക<br>ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുക<br>ഉറുദ്ദു പത്രങ്ങൾ വായിപ്പിക്കുക<br>ബാലമാസികകൾ വായിപ്പിക്കുക<br>വായനാകാർഡുകളുടെ സഹായത്തോടെ വായിപ്പിക്കുക | ജൂൺ – മാർച്ച് | ഉറുദ്ദു അധ്യാപകൻ എച്ച്.എം |

| അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 അടിസ്ഥാനശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| കാർഷിക മേഖലയിൽ നൂതന ശാസ്ത്രരീതികൾ മനസിലാക്കി വ്യത്യസ്ത പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കൽ<br><br>ചിലവ് കുറഞ്ഞരീതിയിൽ വ്യത്യസ്ത മാർഗങ്ങളിലൂടെ പഠനപ്രവർത്തനങ്ങൾക്കാവശ്യമായ പൂക്കൾ,പച്ചക്കറികൾ എന്നിവ വളർത്തിയെടുക്കൽ | വെർട്ടിക്കൽ ഗാർഡൻ നിർമ്മാണം<br>നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ കണ്ടെത്തലും ശേഖരിക്കലും<br>വെർട്ടിക്കൽ ഗാർഡൻ സജ്ജീകരിക്കൽ<br>വേഗത്തിൽ വളരുന്ന പത്ത്മണി ചെടികൾ പോലുള്ളവ ആദ്യഘട്ടമായി വളർത്തിയെടുക്കുക<br>പച്ചക്കറികൾ കൂടി നട്ട് വളർത്തി വെർട്ടിക്കൽ ഗാർഡൻ വിപുലീകരിക്കുന്നു.<br><br>ഗ്രോബാഗ് നിർമ്മാണം<br>പഴയ ജീൻസ് പാന്റ് സേഖരിക്കുന്നു<br>അവ ഉപയോഗിച്ച് ഗ്രോബാഗുകൾ നിർമ്മിക്കുന്നു<br>അവശ്യമായ ചെടികൾ നട്ടുവളർത്തുന്നു. | ജൂൺ - മാർച്ച് | കുട്ടികൾ<br>അധ്യാപകർ<br>സയൻസ് ക്ലബ്ബ് പ്രവർത്തകർ<br>പി.ടി.എ |

അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്ര ബോധമുള്ളവരായി മാറ്റിയെടുക്കുക | വെർച്ച്വൽ ഫീൽഡ്ട്രിപ്പ് | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ആശയങ്ങൾ,സന്ദേശങ്ങൾ,ലക്ഷ്യങ്ങൾ ഉൾകൊണ്ട് സ്കിറ്റ് തയ്യാറാക്കുക | സ്കിറ്റ് തയ്യാറാക്കി അവതരണം | ജൂലായ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സമത്വബോധം സൃഷ്ടിക്കുക | പ്രോജക്ട് | ആഗസ്റ്റ്-സപ്തംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക | ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് സഹായങ്ങൾ നൽകുക | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| വിവരസാങ്കേതികവിദ്യകളുടെ ദുരുപയോഗം | ട്രാഫിക്,സൈബർ മേഖലയിൽ പ്രാവീണ്യമുള്ളവരുടെ ക്ലാസ് | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | ഹിന്ദി അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരിലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | നവമ്പർ-ഫെബ്രുവരി | ഹിന്ദി അധ്യാപകർ |

## അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുക | കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.(നമ്പർ കാർഡ്,മഞ്ചാടിക്കുരു,മുത്തുകൾ ........ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകർ |
| 2.രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല<br>ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ<br>വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ<br>പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | വിദഗ്ധ ഗണിത അധ്യാപകർ |
| 3.ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ ഗണിതക്ലബ് അംഗങ്ങൾ |

| അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 ഗണിതം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 4.ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | വർഷം മുഴുവൻ | ഗണിത ക്ലബ് |
| 5.ഗണിതമേഖലയിലെ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതക്കൂട്ടം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ)മുന്നോക്കം നിൽക്കുന്നതോ,പിന്നോക്കം നിൽക്കുന്നതോ ആയ കുട്ടികൾക്ക് കൂടുതൽ താല്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ | രണ്ടോ,മൂന്നോ തവണ | വിദഗ്ധ ഗണിത അധ്യാപകർ പി.ടി.എ ഗണിതക്ലബ് |
| 7.ആധുനിക ശാസ്ത്രസാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ഫലകങ്ങൾ,ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി.സാധ്യത ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കുക | ഓരോ മാസവും | ഗണിത അധ്യാപകർ |

| അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 26 ഗണിതം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 7.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | പ്രത്യേക ടൈംടേബ്ൾ | ഗണിത ക്ലബ് |
| 8.ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | വീട്ടിലൊരു കുട്ടിലാബ്<br>ഗണിതത്തിലെ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ഉണ്ടാകുന്നതും ക്ലാസ്റ്റും അധികപ്രവർത്തനങ്ങളും എല്ലാം ചേർത്ത് വീട്ടിലെരു ഗണിതലാബ് സജ്ജമാക്കൽ | ജൂൺ – മാർച്ച് | ഗണിത അധ്യാപകർ രക്ഷിതാക്കൾ |
| 9.വിവിധ ശേഷികളുടെ വികസനം | ദിനാചരണം. ജൂൺമുതൽ മാർച്ച് വരെ ദിനാചരണങ്ങൾ എസ്.ആർ.ജി.യിൽ ചർച്ച ചെയ്യുന്നു.ഉചിതാവസരത്തിൽ നടത്തുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകർ |

## ACADAMIC MASTER PLAN 2025 - 26 ENGLISH

| Aim | Activities | Month | Responsible |
|---|---|---|---|
| To encourage Listening&Speaking<br>Introduce different genres(fiction,non-fiction,poetry)Enhance vocabulary,Enhance listening skills | Iteractive story telling sessions discussing themes,characters and plots to enhance listening skills.<br>Group discussions and role-play to improve speaking skills<br>Vocabulary games and exercises to saild word knowledge. | June | English teacher |
| To encourage Reading<br>Devolop basic reading,writing,listening and speaking skills.<br>Cultivate effective communication skills for various contexts | Interactive reading circles<br>Divide students into small groups and provide them with age-appropriate texts,such as short stories or excerpts from movies<br>Each group reads the assigned text together and discusses key elements like plot,characters and themes<br>Encourage students to take furns reading aloud and share their intesprat-ations and reactions to the text<br>After discussions,each group present a summary or analysis of their assigned text to the class | July | English teacher |

# ACADAMIC MASTER PLAN 2025 - 26 ENGLISH

| Aim | Activities | Month | Responsible |
|---|---|---|---|
| To devolop writing skills<br>Introduce grammatical concepts such as parts of speech,tenses and sentence structure | Guided reading sessions with comprehension questions.<br>Listening coprehension exercises using audio stories<br>Debates and presentations for advanced speaking practice<br>Expanding vocabulary with context clues from passages.<br><br>Improve Sentence Structure<br><br>Practice for simple creative writing tasks like descriptive paragraphs,short stories and simple poetry.<br>Projects and research assignments to foster critical thinking<br>Focus on developing paragraphs and essays,teach perouasive writing techniques and asgumentations<br>Preparing and delivvering speeches<br>Listening to and analysingbdifferent media sources | August-Decmber<br><br>January-February | English teacher<br><br>English Club |

## ACADAMIC MASTER PLAN 2025 - 26 ENGLISH

| Aim | Activities | Month | Responsible |
|---|---|---|---|
| Expand vocabulary throgh reading and interactive activities.<br>Introduce different types of writing narrative,descriptive,persuassive,etc<br>Laanguage games,puzzles and activities | Interactive grammar games.Structurad grammar lessons with examples and practice exercises.<br>Worksheet on parts of speech,punctuation and sentence types<br>Integrate language games and activities to reinforce vocabulary,grammar,and language skills in an engaging way<br>For example, play word association games,charades or vocabulary singo to practice new words and concepts<br>To create their own poems ,stories,dictionary etc and present it to the class | Throughout the year | English teacher |
| Differentiation and sapport | Recognise and accomadate the diverse learning needs of students through differentiatted instruction,including accomodations and modiifications for specilly abled students and gifted learners<br>Provide additional support and resources such as small group instution,tuto- | | English Club |

## ACADAMIC MASTER PLAN 2025 - 26 ENGLISH

| Aim | Activities | Month | Responsible |
|---|---|---|---|
| | ring ,peer mentoring,and remadial programmes to help struggling students and challenges advanced learners offer opportunities for enrichment and extension activities to extent learning beyond the cote curriculam and cater to students' intesests and stranghths<br>Collaborate with learning support specialists,language teachers and other support staff to ensure inclusive practices and provide targeted support for students with specific learning needs | | |